# ഭൂമികേരളം പദ്ധതി
# കേരളാ ലാൻഡ് ഇൻഫർമേഷൻ മിഷൻ

**നമ്പർ:** **ജില്ല:**

## <u>നോട്ടീസ് എ.</u>

(മോഡേൺ സർവ്വേ മാനുവൽ വാല്യം ഒന്ന് അദ്ധ്യായം 7.1.3.1
പ്രകാരം പ്രസിദ്ധീകരിക്കുന്നത്)

.............................. താലൂക്ക് ......................................................... വില്ലേജിന്റെ റീസർവേ ജോലികൾ ആരംഭിക്കുന്നതിനായി കേരള സർവ്വേ & ബൗണ്ടറീസ് ആക്ട് സെക്ഷൻ (4) പ്രകാരം സർക്കാർ ഉത്തരവായിട്ടുള്ളതും ഇതു സംബന്ധിച്ച് സെക്ഷൻ (6) പ്രകാരമുള്ള വിജ്ഞാപനം............................-ാം തീയതിയിലെ കേരള ഗസറ്റിലും ...................തീയതിയിലെ ദിനപത്രങ്ങളിലും പ്രസിദ്ധീകരിച്ചിട്ടുള്ളതുമാകുന്നു. ഒന്നര മാസം കൊണ്ട് ഈ വില്ലേജിലെ സർവ്വേ പ്രവർത്തനങ്ങൾ പൂർത്തിയാക്കി സുതാര്യമായ സർവ്വേ റെക്കേർഡുകൾ തയ്യാറാക്കാനാണ് ഉദ്ദേശിക്കുന്നത്. ഈ ദിവസങ്ങളിൽ സർവ്വേ ഉദ്യോഗസ്ഥർ നിങ്ങളെ സമീപിക്കുമ്പോൾ സർവ്വേക്കുവേണ്ട പൂർണ്ണ സഹകരണം നിങ്ങളുടെ ഭാഗത്തുനിന്നും ഉണ്ടാകേണ്ടതാണെന്നറിയിക്കുന്നു.

സർവ്വേ ചെയ്യാൻ തെരഞ്ഞെടുത്തിരിക്കുന്ന വസ്തുക്കളുടെ നിയമാനുസൃതമുള്ള അവകാശികളോ, പൊതു നങ്ങളുടെ ഉപയോഗത്തിലുള്ള സ്ഥലങ്ങളുടെ അതിർത്തികൾ നിർണ്ണയം ചെയ്യുന്നതിൽ താത്പര്യമുള്ള വ്യക്തികളോ, സർവേ ഉദ്യോഗസ്ഥർ മുമ്പാകെ ഹാജരായി അതിർത്തികൾ കാണിച്ചു കൊടുക്കേണ്ടതും റിക്കാർഡുകൾ തയ്യാറാക്കുന്നതിന് ആവശ്യമായ വിവരങ്ങൾ കൈമാറേണ്ടതുമാണ്. കൂടാതെ ഈ നോട്ടീസിനോടൊപ്പം ചേർത്തിരിക്കുന്ന റീസർവേ വിവരശേഖരണ പത്രികയിൽ കൃത്യമായ വിവരങ്ങൾ രേഖപ്പെടുത്തി അവകാശരേഖകളുടെയും കരംരസീത്, മുന്നാധാരം എന്നിവയുടേയും സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പുസഹിതം, ഈ നോട്ടീസു കൈപറ്റി ഏഴു ദിവസത്തിനുള്ളിൽ സ്ഥലം സർവേ ചെയ്യുന്നതിനായി വരുന്ന സർവേ ഉദ്യോഗസ്ഥൻമാരെ ഏൽപ്പിക്കേണ്ടതുമാകുന്നു.

കുറ്റമറ്റതും സുതാര്യവുമായ സർവേ നടപടികളിലൂടെ പൊതു നങ്ങൾക്ക് ഉപകാരപ്രദമായ രീതിയിൽ സർവേ റെക്കോർഡുകൾ തയ്യാറാക്കുന്നതിനായി എല്ലാ ഭൂഉടമസ്ഥരും താഴെപ്പറയുന്ന കാര്യങ്ങൾ കൃത്യമായും പാലിക്കേണ്ടതാണെന്നുള്ള വിവരം കൂടി അറിയിച്ചു കൊള്ളുന്നു.

(1). എല്ലാ ഭൂഉടമസ്ഥരും അവരവരുടെ കൈവശസ്ഥലത്തിന് വ്യക്തമായ അതിർത്തികൾ സ്ഥാപിക്കേണ്ടതും ബെൻഡുകൾക്കും ജംഗ്ഷനുകൾക്കും സർവേ അടയാളങ്ങൾ സ്ഥാപിച്ച് തർക്കരഹിതമായി ഡീമാർക്കേറ്റു ചെയ്യേണ്ടതുമാണ്.

(2). സർവ്വേ ജോലികൾക്ക് തടസ്സം സൃഷ്ടിക്കുന്ന ചെടികൾ, വൃക്ഷങ്ങൾ, വേലികൾ മുതലായവ സർവേ ഉദ്യോഗസ്ഥൻ ആവശ്യപ്പെടുന്ന പക്ഷം നീക്കം ചെയ്തു അളവുകൾ എടുക്കാൻ വേണ്ട സഹായ സഹകരണങ്ങൾ ചെയ്തു കൊടുക്കേണ്ടതാണ്.

(3). കൈവശഭൂമിയുടെ ഉടമസ്ഥാവകാശം അതിർത്തികൾ എന്നിവയെ സംബന്ധിച്ച് ഏതെങ്കിലും കോടതികേസുകൾ നിലവിലുണ്ടെങ്കിൽ കേസിനെ സംബന്ധിച്ച മുഴുവൻ വിവരങ്ങളും കോടതിവ്യവഹാരത്തിന്റെ രേഖകളുടെ പകർപ്പുസഹിതം സർവേ ഉദ്യോഗസ്ഥനു കൈമാറേണ്ടതാണ്.

(4). കൃത്യമായ അതിർത്തികളില്ലാത്ത ഒന്നായി കിടക്കുന്ന വസ്തുക്കൾ ഒരുമിച്ചു സർവേ ചെയ്ത് കൂട്ടവകാശപ്രകാരം റിക്കാർഡു തയ്യാറാക്കേണ്ടി വരുന്നതുമൂലമുണ്ടാകുന്ന ബുദ്ധിമുട്ടുകൾ ഒഴിവാക്കുന്നതിനായി, ഓരോ വ്യക്തിയും അവരവർക്ക് അവകാശപ്പെട്ട സ്ഥലത്തിന് പ്രത്യേകം അതിർത്തികൾ സ്ഥാപിക്കേണ്ടതാണെന്നും വ്യക്തമായ അതിർത്തിയോ മറ്റ് അടയാളങ്ങളോ ഇല്ലാത്തതു മൂലമുണ്ടാകുന്ന തെറ്റായ അളവുകൾക്ക് വകുപ്പ് ഉദ്യോഗസ്ഥർ ഉത്തരവാദികളായിരിക്കുന്നതല്ലെന്നും അറിയിക്കുന്നു. ഭൂമികേരളം പദ്ധതിയിലൂടെ നടപ്പാക്കുന്ന ആധുനിക സർവ്വേയിൽ കല്ലുകൾ സ്ഥാപിക്കാതെ തന്നെ അതിർത്തികൾ സർവ്വേയ്ക്കുശേഷം പുനർനിർണ്ണയിക്കാമെന്നതിനാൽ കല്ലുകൾ സ്ഥാപിക്കുന്നതിലുള്ള ഭീമമായ ചെലവും പ്രകൃതിദത്ത ഗ്രാനൈറ്റിന്റെ ദൗർലഭ്യവും അവ ലഭ്യമാക്കുമ്പോൾ ഉണ്ടാകുന്ന പാരിസ്ഥിതിക പ്രശ്നങ്ങളും കണക്കിലെടുത്ത് ഇനിമുതൽ പദ്ധതി നടപ്പാക്കുന്ന സ്ഥലത്ത് സർക്കാർ ചെലവിൽ സ്വകാര്യ കൈവശങ്ങൾക്ക് കല്ലുകൾ സ്ഥാപിക്കുന്നതല്ലെന്നും അറിയിക്കുന്നു. അതിർത്തികളിൽ ഉടമസ്ഥർക്ക് ആവശ്യമെങ്കിൽ സർവ്വേയ്ക്കു മുൻപോ സർവ്വേ സമയത്തോ (മരക്കുറ്റി സ്ഥാപിക്കുന്ന ബെന്റ് പോയിന്റുകളിൽ) സ്വന്തം ചെലവിൽ കല്ലുകളോ കോൺക്രീറ്റ് കുറ്റികളോ സ്ഥാപിക്കാവുന്നതാണ്.

(5). റീസർവേ വ്യക്തിഗത വിവരശേഖരണ പത്രിക (ഈ നോട്ടീസിനോടൊപ്പം ചേർത്തിട്ടുള്ളത്) സർവേ റിക്കാർഡുകൾ തയ്യാറാക്കുന്നതിന് അവലംബിക്കുന്ന പ്രധാന രേഖകളിലൊന്നായതിനാൽ എല്ലാ വസ്തു ഉടമസ്ഥരും ടി പത്രിക പൂരിപ്പിച്ച് സ്വയം സാക്ഷ്യപ്പെടുത്തിയ മറ്റ് രേഖകളുടെ പകർപ്പുകൾ സഹിതം ഫീൽഡ് സർവ്വെ സമയത്ത് സർവേ ഉദ്യോഗസ്ഥനു നൽകുന്നതിൽ യാതൊരു വീഴ്ചയും വരുത്താൻ പാടില്ലാത്തതാകുന്നു.

വിവരശേഖരണ പത്രികയിൽ പറഞ്ഞിരിക്കുന്ന കാര്യങ്ങളിൽ കൂടുതൽ വിശദീകരണം ആവശ്യമായി വരുന്ന സാഹചര്യത്തിൽ, സർവ്വെ ഉദ്യോഗസ്ഥൻ ആവശ്യപ്പെടുകയാണെങ്കിൽ നിർദ്ദിഷ്ട സ്ഥലത്തും സമയത്തും വസ്തു ഉടമസ്ഥർ അസ്സൽ പ്രമാണങ്ങൾ സഹിതം ഹാജരാകേണ്ടതാണ്.

മേൽപ്പറഞ്ഞ നിബന്ധനകൾ ഭൂഉടമസ്ഥർ പാലിക്കാതെ സർവേ നടപടികൾ പൂർത്തിയാക്കേണ്ടി വരുന്ന സാഹചര്യത്തിൽ ഭൂഉടമസ്ഥർക്ക് ഉണ്ടാകാവുന്ന അസൗകര്യങ്ങൾക്ക് കേരള ലാൻഡ് ഇൻഫർമേഷൻ മിഷനോ സർവ്വേയും ഭൂരേഖയും വകുപ്പോ സംസ്ഥാനസർക്കാരോ ഉത്തരവാദികളായിരിക്കുന്നതല്ലെന്നും ഇതിനാൽ അറിയിച്ചു കൊള്ളുന്നു.

**സർവ്വെ ആഫീസർ**

സ്ഥലം :
തീയതി:

പേര്:
മേൽവിലാസം: